കേരള സർക്കാർ

സംഗ്രഹം

ശമ്പള പരിഷ്കരണം 2014 - വനം വകുപ്പ്- ഷെഡ്യൂളിൽ സീനിയർ അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് തസ്തിക ഉൾപ്പെടുത്തി- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ധനകാര്യ (പേ റിവിഷൻ സെൽ - ഡി) വകുപ്പ്

സ.ഉ.(കൈ)നം.412/2018/(106)/ധന തീയതി, തിരുവനന്തപുരം, 30/10/2018

---

പരാമർശം:-1.സ.ഉ.(പി)നം.7/2016/ധന തീയതി 20.01.2016

2.സ.ഉ(സാധാ)നം.82/2001/F&WLD തീയതി 07.03.2001.

3.അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഭരണം) 24.04.2017 ലെ ഡി 1- 33447/14 നമ്പർ കത്ത്.

## ഉത്തരവ്

സംസ്ഥാന ജീവനക്കാരുടെയും അദ്ധ്യാപകരുടെയും ശമ്പളവും മറ്റ് അലവൻസുകളും 01.07.2014 പ്രാബല്യത്തിൽ പരിഷ്കരിച്ച് പരാമർശം 1 പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പരാമർശം 2 ഉത്തരവ് പ്രകാരം വനം വകുപ്പിൽ സൃഷ്ടിച്ച സീനിയർ അഡ്മിനിസ്ട്രേറ്റീവ് തസ്തിക പത്താം ശമ്പള പരിഷ്കരണ ഉത്തരവിലെ വനം വകുപ്പിന്റെ പട്ടികയിൽ ഉൾപ്പെടാത്ത സാഹചര്യത്തിൽ പ്രസ്തുത തസ്തിക ഉൾപ്പെടുത്തുന്നതിന് പരാമർശം 3 കത്ത് മുഖേന അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഭരണം) ശുപാർശ ചെയ്തിട്ടുണ്ട്.

2.സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ പരാമർശം 1 ഉത്തരവിലെ വനം വകുപ്പിന്റെ പട്ടികയിൽ 'ഡെപ്യൂട്ടി ഡയറക്ടർ(വൈൽഡ് ലൈഫ് എഡ്യൂക്കേഷൻ)' തസ്തികയ്ക്കും 'റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസറും മറ്റ് തത്തുല്യ വിഭാഗം' തസ്തികയ്ക്കും ഇടയിൽ സീനിയർ അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് തസ്തിക 42500-87000 രൂപ ശമ്പള സ്കെയിലിൽ ഉൾപ്പെടുത്തി ഉത്തരവാകുന്നു.

(3) ഈ ഉത്തരവിന് 01.07.2014 മുതൽ പ്രാബല്യം ഉണ്ടായിരിക്കും.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
**ജി.അശോക് കുമാർ**
അഡീഷണൽ സെക്രട്ടറി(ധനകാര്യം)

പകർപ്പ്:-

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(എ& ഇ/ജി & എസ്.എസ്.എ)
കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ(ഇ & ആർ.എസ്.എ),കേരള, തിരുവനന്തപുരം
ഗവർണറുടെ സെക്രട്ടറി
മുഖ്യമന്ത്രിയുടെയും മറ്റു മന്ത്രിമാരുടേയും പ്രൈവറ്റ് സെക്രട്ടറിമാർ
ഗവൺമെന്റ് സെക്രട്ടറിമാർ, സ്പെഷ്യൽ സെക്രട്ടറിമാർ,
അഡീഷണൽ സെക്രട്ടറിമാർ, ജോയിന്റ് സെക്രട്ടറിമാർ, ഡെപ്യൂട്ടി സെക്രട്ടറിമാർ,
അണ്ടർ സെക്രട്ടറിമാർ
അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ(ഭരണം),
ഫോറസ്റ്റ് ഹെഡ്ക്വാർട്ടേഴ്സ്, വഴുതക്കാട്, തിരുവനന്തപുരം
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം
പൊതുജന സമ്പർക്ക വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം
നോഡൽ ഓഫീസർ, www.finance.kerala.gov.in
വെബ് ആന്റ് ന്യൂ മീഡിയ, വിവരവും പൊതുജന സമ്പർക്കവും വകുപ്പ്
കരുതൽ ഫയൽ/ഓഫീസ് കോപ്പി (ഇ-233876)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ